(ബി) ഈ പദ്ധതിയിൻകീഴിൽ തിരുവനന്തപുരം ജില്ലയിൽ മേൽ പദ്ധതിക്കായി നീക്കിവച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വർഷം	നീക്കിവച്ച തുക (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)
1	2010-11	4,60,000	1,80,000
2	2011-12	3,45,000	2,00,000
3	2012-13	6,00,000	2,40,000
4	2013-14	8,00,000	1,81,000
5	2014-15	7,27,000	3,45,000

തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം കാവുകൾ സംരക്ഷിക്കാൻ എത്ര തുക വീതം ചെലവഴിച്ചുവെന്നതിന്റെ വിശദവിവരം ഇതോടൊപ്പം Annexure I* ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

റോഡ് നിർമ്മാണ അനുമതി

284 (288) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി പണി കഴിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഇടുക്കി-ഉടുമ്പന്നൂർ റോഡിൽ മണിയാറൻകുടി-പാപ്പൻതോട് ഭാഗം മുതൽ വേളൂർ ചെക്ക് പോസ്റ്റ് വരെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതിയ്ക്കായുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടുക്കി-ഉടുമ്പന്നൂർ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ, വന സംരക്ഷണത്തിന്റെ ഭാഗമായി ഉൾക്കൊണ്ടുകൊണ്ട് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വനവികസന ഏജൻസി മുഖേന വനം വകുപ്പിന്റെ പ്രവർത്തിയായി നടത്തുന്നതിനുള്ള നടപടികൾ ഡിവിഷൻ, സർക്കിൾ തലങ്ങളിൽ കൈക്കൊണ്ടുവരികയാണ്.

(ബി) നിലവിലുള്ള വനം നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കാവും കുളവും സംരക്ഷണ പദ്ധതി

285(289) ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാവും കുളവും സംരക്ഷണ പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര പ്രവർത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത് എന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) കാവുകളും കുളങ്ങളും സംരക്ഷണ പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ വനം വകുപ്പ് പദ്ധതികളൊന്നും ഏറ്റെടുത്ത് നടത്തുന്നില്ല. എന്നാൽ കാവ് സംരക്ഷണ പദ്ധതി പ്രകാരം കാവുകളുടെയും കാവുകളിൽ സ്ഥിതി ചെയ്യുന്ന കുളങ്ങളുടെയും സംരക്ഷണത്തിനായി ധനസഹായം വനംവകുപ്പ് നൽകുന്നുണ്ട്. 2014-15 വർഷത്തിൽ ടി ആവശ്യത്തിനായി ആലപ്പുഴ ജില്ലയിൽ 29 കാവുകൾക്ക് (പുതിയതായി തെരഞ്ഞെടുത്തത് മുൻവർഷങ്ങളിൽ ദീർഘകാല സംരക്ഷണത്തിന് തെരഞ്ഞെടുത്തതുമായ) ധനസഹായം നൽകിയിട്ടുണ്ട്. ആയത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	നിയോജക മണ്ഡലം	ധനസഹായം നൽകിയ കാവുകളുടെ എണ്ണം (2014-15)
(1)	(2)	(3)
1	ചേർത്തല	7
2	ചെങ്ങന്നൂർ	4
3	ഹരിപ്പാട്	6